## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1275** **11.06.2019 -ൽ മറുപടിയ്ക്ക്**

### നാഷണൽ അച്ചീവ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരം കുട്ടികളുടെ പഠനനിലവാരം

ചോദ്യം **ഉത്തരം**

**ശ്രീ.യു. ആർ. പ്രദീപ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) നാഷണൽ അച്ചീവ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള സംസ്ഥാനത്തെ കുട്ടികളുടെ പഠന നിലവാരം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

എ) 3, 5, 8, 10 ക്ലാസ്സുകളിലെ കുട്ടികളുടെ പഠന നിലവാരം സംബന്ധിച്ച റിപ്പോർട്ടാണ് നാഷണൽ അച്ചീവ്മെന്റ് സർവ്വേ പ്രകാരം നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻറ് ട്രെയിനിംഗ് (എൻ.സി.ഇ.ആർ.ടി)പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതിൻ പ്രകാരം കേരളത്തിലെ കുട്ടികളുടെ പ്രകടനത്തെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

3,5 ക്ലാസ്സുകളിൽ പരിസര പഠനത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തേക്കാൾ മുന്നിൽ നിൽക്കുന്നു.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 3 | 76 | 65 |
| 5 | 65 | 57 |

3,5,8,10 ക്ലാസ്സുകളിൽ ഭാഷയിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തേക്കാൾ ഏറെ മുന്നിൽ നിൽക്കുന്നു.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 3 | 72 | 68 |
| 5 | 69 | 58 |
| 8 | 63 | 57 |
| 10 | 55 | 49 |

3,5,8 ക്ലാസ്സുകളിൽ ഗണിതത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തേക്കാൾ മുന്നിൽ നിൽകുന്നു. എന്നാൽ പത്താം ക്ലാസ്സിൽ നമ്മുടെ കുട്ടികൾ ദേശീയ ശരാശരിക്ക് തൊട്ടു പിന്നിലാണ്.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 3 | 72 | 64 |
| 5 | 63 | 53 |
| 8 | 50 | 42 |
| 10 | 33 | 34 |

8,10 ക്ലാസ്സുകളിൽ സാമൂഹികശാസ്ത്രത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തോടൊപ്പമോ അതിനു മുമ്പിലോആണ്. എട്ടിൽ ദേശീയ ശരാശരിയോടൊപ്പം നിൽക്കുമ്പോൾ പത്താം ക്ലാസ്സിൽ മുമ്പിലാണ്.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 8 | 44 | 44 |
| 10 | 41 | 39 |

8,10 ക്ലാസ്സുകളിൽ ശാസ്ത്രത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തോടൊപ്പമോ അതിനു മുമ്പിലോ ആണ്. എട്ടിൽ ദേശീയ ശരാരശരിയോടൊപ്പം നിൽക്കുമ്പോൾ പത്താം ക്ലാസ്സിൽ മുമ്പിലാണ്.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 8 | 44 | 44 |
| 10 | 35 | 34 |

പത്താം ക്ലാസ്സിൽ ഇംഗ്ലീഷിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തേക്കാൾ മുന്നിൽ നിൽക്കുന്നു. ദേശീയ ശരാശരി 36 ആകുമ്പോൾ സംസ്ഥാന ശരാശരി 40 ആണ്.

ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പ്രകാരം കുട്ടികളുടെ പഠന നിലവാരം ഉയരുന്നതുകൊണ്ടാണ് കേരളത്തിലെകുട്ടികൾ ദേശീയ ശരാശരിയേക്കാൾ മുന്നിലെത്താൻ കാരണം എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

ബി) 2014-15 കാലഘട്ടത്തിൽ നടന്ന ദേശീയ പഠനനേട്ട സർവ്വേ പ്രകാരം 5,8, ക്ലാസ്സുകളിൽ നമ്മുടെ കുട്ടികൾ ഗണിത പഠനത്തിൽ ദേശീയ ശരാശരിയേക്കാൾ പുറകിലായിരുന്നു. ഇതുപോലെ പത്താംതരത്തിലും നമ്മുടെ കുട്ടികൾ ഇംഗ്ലീഷിൽ കാര്യങ്ങൾ വായിച്ച് ഗ്രഹിക്കുന്നതിലും ദേശീയ ശരാശരിയേക്കാൾ പുറകിലായിരുന്നു. എന്നാൽ 2018-ൽ എത്തുമ്പോഴേക്കും ഈ വിഷയങ്ങളിലെല്ലാം തന്നെ നമ്മൾ വ്യക്തമായി ദേശീയ ശരാശരിയേക്കാൾ മുന്നിലാണ് എന്ന് സർവ്വേഫലം പറയുന്നു. തീർച്ചയായും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠനാന്തരീക്ഷത്തിലുണ്ടായിട്ടുള്ള ഗുണപരമായ മാറ്റം ഈ നേട്ടത്തെ സ്വാധീനിച്ചിട്ടുണ്ട്. ഒപ്പംതന്നെ ഭാഷാ വികസനത്തിനായി നടപ്പാക്കിയിട്ടുള്ള ' മലയാളത്തിളക്കം' ,' ഹലോ ഇംഗ്ലീഷ് ' എന്നീ പദ്ധതികളും 'ന്യൂമാറ്റ്സ്' , ' ഗണിത വിജയം' പോലുള്ള പദ്ധതികളും ഈ നേട്ടത്തിന് കാരണമാണ്.

| | |
|---|---|
| സി) കുട്ടികളുടെ പഠനനിലവാരം സ്ഥായിയായി നിലനിർത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | സി) പഠന നിലവാരം സ്ഥായിയായി നിലനിർത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>• പാഠപുസ്തകങ്ങൾ കാലാനുസൃതമായ മാറ്റം വരുത്തി (ഈ വർഷം 9,10 ക്ലാസ്സുകളിൽ), സ്കൂൾ തുറക്കുന്നതിനു മുമ്പ് സ്കൂളുകളിൽ എത്തിക്കുന്നു.<br>• അദ്ധ്യാപകർക്ക് ഉള്ളടക്കം, ബോധനശാസ്ത്രം, സാങ്കേതിക വിദ്യ എന്നീ മേഖലകളിൽ പിന്തുണ നൽകാൻ പര്യാപ്തമായ വിധം അവധിക്കാലത്തു തന്നെ അദ്ധ്യാപക ശാക്തീകരണം നടപ്പാക്കുന്നു.<br>• ഡിജിറ്റൽ സങ്കേതങ്ങളും മറ്റും ലഭ്യമാക്കുന്ന ക്ലാസ്സ്മുറികളെ ആധുനികവത്കരിച്ച് മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.<br>• ഉച്ചഭക്ഷണം ഉയർന്ന ഗുണമേന്മയോടെ കുട്ടികൾക്ക് ലഭ്യമാക്കുന്നു.<br>• ആവശ്യമായ പഠന ദിനങ്ങൾ ലഭ്യമാക്കുന്നതിന് സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ അക്കാദമിക കലണ്ടർ തയ്യാറാക്കുന്നു.<br>• ചോദ്യപേപ്പറുകൾ സംസ്ഥാന തലത്തിൽ തന്നെ തയ്യാറാക്കി ടേം പരീക്ഷകളും പൊതു പരീക്ഷകളും യഥാസമയം നടത്തുന്നു. പരീക്ഷാഫലം കാലതാമസമില്ലാതെ പ്രസിദ്ധീകരിക്കുന്നു.<br>• 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', ന്യൂമാറ്റ്സ്, ഗണിതവിജയം, ശാസ്ത്രപാർക്കുകൾ, സ്റ്റെപ് (സാമൂഹിക ശാസ്ത്ര പഠനപോഷണ പരിപാടി), ജൈവവൈവിധ്യപാർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.<br>• പഠനോത്സവത്തിലൂടെ കുട്ടികൾക്ക് അവരുടെ കഴിവുകൾ പൊതുവായി അവതരിപ്പിക്കാൻ അവസരം നൽകി അവരുടെ ആത്മവിശ്വാസം ഉയർത്തുന്നു. |

സെക്ഷൻ ഓഫീസർ